**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3613 10/04/2013-ൽ മറുപടിയ്ക്ക്

## കശുമാവ് കൃഷി

ചോദ്യം

ശ്രീ. ഇ. പി. ജയരാജൻ
,, പി. കെ. ഗുരുദാസൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ജെയിംസ് മാത്യു

മറുപടി

**കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) കശുവണ്ടി ഉൽപാദനത്തിന്റെ പേരിൽ കശുമാവ് വച്ചുപിടിപ്പിക്കുന്ന ഭൂമിയെ ഭൂപരിഷ്കരണ നിയമത്തിന്റെ ഉയർന്ന പരിധി സംബന്ധിച്ച വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് അറിയാമോ;

എ) 19.06.2012 ലെ നോട്ടിഫിക്കേഷൻ നം. 9207/Leg B2/2010/ Law പ്രകാരം കശുമാവിൻ തോട്ടങ്ങളെ ഭൂപരിഷക്കരണ നിയമത്തിന്റെ ഉയർന്ന പരിധി സംബന്ധിച്ച വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ബി) ഇത്തരത്തിൽ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ട എത്ര പേർ എത്ര ഹെക്ടർ സ്ഥലത്ത് പുതുതായി കശുമാവ് വെച്ച് പിടിപ്പിക്കുകയുണ്ടായിട്ടുണ്ടെന്ന് അറിയാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

ബി) ടി നിയമം നിലവിൽ വന്ന ശേഷം പുതുതായി കശുമാവ് വച്ച് പിടിപ്പിച്ച് ഉയർന്ന ഭൂപരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടതായി ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല.

സി) സംസ്ഥാനത്തിപ്പോൾ കശുവണ്ടി ഉൽപാദനം എത്രയാണെന്നും അടുത്ത അഞ്ചു വർഷത്തെ ലക്ഷ്യം എത്രയാണെന്നും വെളിപ്പെടുത്താമോ;

സി) ഡയറക്റ്ററേറ്റ് ഓഫ് കൊക്കോ ആന്റ് കാഷ്യൂ ഡവലപ്മെന്റ്, കോഴിക്കോടിന്റെ കണക്കനുസരിച്ച് സംസ്ഥാനത്ത് 2011-12 വർഷത്തിൽ 73,000 മെട്രിക് ടണ്ണാണ് കശുവണ്ടി ഉല്പാദനം.

ഡി) കശുമാവ് കൃഷി വികസിപ്പിക്കാനുള്ള സർക്കാർ നിയന്ത്രണത്തിലുള്ള സംരംഭങ്ങളും അതിനാവശ്യമായുള്ള ഭൂമിയും സംബന്ധിച്ച് വിശദമാക്കാമോ; പ്രസ്തുത ഭൂമിയുടെ എത്ര ശതമാനം ഇനിയും പ്രയോജനപ്പെടുത്താൻ ബാക്കിയുണ്ട്; വിശദമാക്കാമോ?

ഡി) ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ പദ്ധതി പ്രകാരം കശുമാവ്കൃഷി വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള നോഡൽ ഏജൻസി എന്ന നില യ്ക്കാണ് കശുമാവ്കൃഷി വികസന ഏജൻസി (KSACC) ക്ക് സർക്കാർ രൂപം

നൽകിയത്. 2007-ൽ കശുമാവ്കൃഷി വികസന ഏജൻസി (KSACC) ക്ക് രൂപം കൊടുക്കുമ്പോൾ ഉല്പാദനം 65000 മെട്രിക് ടൺ ആയിരുന്നത് ക്രമാനുഗതമായി 1.5 ലക്ഷം മെട്രിക് ടൺ ആയി ഉയർത്തുക എന്നതായിരുന്നു ലക്ഷ്യം.

കശുമാവ്കൃഷിയ്ക്ക് ലഭ്യമാക്കാവുന്ന സർക്കാർ ഭൂമി തുലോം പരിമിതമാണ്. നിലവിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ എന്നിവയുടെ ഭൂമിയിൽ കൃഷി ചെയ്യുകയും അവയിൽ നിന്ന് നല്ല രീതിയിൽ വിളവു ലഭിക്കുകയും ചെയ്യുന്നുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഭൂമിയും ലഭ്യമാവുകയാണെങ്കിൽ അവിടെയും കൃഷി ചെയ്യാവുന്നതാണ്.

സെക്ഷൻ ഓഫീസർ